പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 954 **14-10-2026-ൽ മറുപടിയ്ക്ക്**

ഇടക്കൊച്ചി, പള്ളുരുത്തി, മരട്, ഉദയംപേരൂർ മേഖലകളിലെ കുടിവെള്ള ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഇടക്കൊച്ചി, പള്ളുരുത്തി, മരട്, ഉദയംപേരൂർ മേഖലകളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

മറുപടി: പ്രസ്തുത മേഖലകളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിച്ച് ശാശ്വത പരിഹാരം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രധാന പദ്ധതികളും നടപടികളുമാണ് നടപ്പിലാക്കി വരുന്നത്:

i) ആലുവയിലെ പുതിയ 190 എം എൽ ഡി ജലശുദ്ധീകരണ ശാലയും ഇടകൊച്ചിയിലെപുതിയ ടാങ്കുകളും :

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) സഹായത്തോടെ ആലുവയിൽ 190 MLD ശേഷിയുള്ള അത്യാധുനിക ജലശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ പശ്ചിമ കൊച്ചി, പള്ളുരുത്തി, ഇടക്കൊച്ചി ഉൾപ്പെടെയുള്ള ഭാഗങ്ങളിലേക്ക് പെരുമാനൂർ വഴി 37 MLD കുടിവെള്ളം അധികമായി ലഭ്യമാകും. ഇടക്കൊച്ചിയിലെ 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ടാങ്ക് പൂർത്തീകരിക്കുകയും, സംപ് നിർമാണ ഘട്ടത്തിലുമാണ്. കൂടാതെ, മരട് പ്ലാന്റിൽ നിന്ന് പള്ളുരുത്തി, ഇടക്കൊച്ചി, കുമ്പളങ്ങി, ചെല്ലാനം മേഖലകളിലേക്ക് ആവശ്യമായ അധിക ജലലഭ്യത ഉറപ്പാക്കാനും സാധിക്കും.

ii) മരട് ജലശുദ്ധീകരണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കൽ :

മരട് ശാലയുടെ ഉൽപ്പാദന ശേഷി പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനും കൂടുതൽ ജലം ലഭ്യമാക്കുന്നതിനുമായി പിറവം പാഴൂർ/മാലേക്കാട് ഭാഗത്തുനിന്ന് ശുദ്ധീകരിക്കാത്ത ജലം (റോ വാട്ടർ) എത്തിക്കാൻ പൈപ്പ് ലൈൻ സ്ഥാപിക്കാനും ADB സഹായത്തോടെ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

iii) ആലുവ പ്ലാന്റിലെ പമ്പ് മാറ്റി പുതിയത് സ്ഥാപിക്കൽ:

ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നു. ഇതുവഴി വിതരണത്തിൽ 5 MLD ജലത്തിന്റെ വർദ്ധനവ് ഉണ്ടാകുന്നതാണ്.

കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണത്തോടെ ഉദയംപേരൂർ മേഖലയിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നതാണ്.

(ബി) പ്രസ്തുത മേഖലകളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> ഈ പ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന വിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും ചോർച്ച തടയുന്നതിനുമായി സമഗ്രമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്:

കൊച്ചി നഗരത്തിലും സമീപ മേഖലകളിലുമുള്ള വിതരണ ശൃംഖലയിലെ ചോർച്ച 20 ശതമാനമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ KUWSIP പദ്ധതി നടപ്പാക്കാൻ സൂയസ് പ്രൊജക്ട്സ് ലിമിറ്റഡിന് കരാർ നൽകിയിട്ടുണ്ട്. പത്തു വർഷത്തെ കാലാവധിയുള്ള ഈ പദ്ധതിയിലൂടെ ടോപ്പോഗ്രാഫിക് സർവേ, അസറ്റ് മാപ്പിംഗ് എന്നിവ വഴി വിതരണ ശൃംഖല പുനർരൂപകൽപ്പന ചെയ്ത് 152 കിലോമീറ്ററോളം വരുന്ന പഴയ പൈപ്പുകൾ ഘട്ടങ്ങളായി മാറ്റിസ്ഥാപിക്കാനാകും.

പശ്ചിമ കൊച്ചി, പള്ളുരുത്തി, കുമ്പളങ്ങി, ചെല്ലാനം ഭാഗങ്ങളിലെ കാലപ്പഴക്കം ചെന്ന എ.സി/ പി.വി.സി പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി അമൃത് 2, സ്റ്റേറ്റ് പ്ലാൻ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഫണ്ട് എന്നിവ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം ഉദയംപേരൂർ മേഖലയിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുവരുന്നു. മരട് മേഖലയിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ തുക അനുവദിക്കുന്നതിലേക്കായി മരട് മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ